ഉത്തരം

(എ) 2013 ഏപ്രിൽ 30-ന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കാർഷികാവശ്യത്തിനുള്ള വൈദ്യുതിയുടെ താരിഫ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും കാർഷിക കണക്ഷനുകൾ വിവിധ കാറ്റഗറികളായി തിരിക്കുകയും ചെയ്തത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ വൈദ്യുതി ബോർഡാണ് നടപടി സ്വീകരിക്കേണ്ടത്.

(സി) കാർഷികാവശ്യത്തിനുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് ഇപ്പോൾ കൃഷി വകുപ്പാണ് നൽകി വരുന്നത്.

(ഡി) കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

കാർഷിക കടാശ്വാസ പദ്ധതി

124 (1530) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം സർക്കാർ വിഹിതത്തിന് കാത്തിരിക്കാതെ കർഷകരുടെ ഈട് പ്രമാണം മടക്കി നൽകണമെന്ന നിർദ്ദേശം സഹകരണ സംഘങ്ങൾ പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നബാർഡ് റീ-ഫിനാൻസ് ചെയ്തിട്ടുള്ള വായ്പകൾക്ക് ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ വായ്പാ കുടിശ്ശിക മൊത്തമായി നബാർഡിലേക്ക് അടച്ചുതീർത്തതിന് ശേഷം മാത്രമേ വായ്പക്കാരന് തിരികെ നൽകാൻ പാടുള്ളൂ എന്നും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതു വരെയുള്ള പലിശ ഈടാക്കേണ്ടതാണെന്നും വായ്പാക്കാരനിൽ നിന്നോ സർക്കാരിൽ നിന്നോ ലഭിക്കേണ്ട വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവിൽ പലിശ ഈടാക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും നബാർഡ് ജനറൽ മാനേജർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്ന് നൽകിയിട്ടുള്ള നബാർഡ് റീ-ഫിനാൻസ് ചെയ്തിട്ടുള്ള വായ്പകൾക്ക് ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly